


About Admission Formalities

താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ബന്ധപ്പെടൽ മാർഗ്ഗം വഴി MACC-യെ സമീപിക്കുകയോ അല്ലെങ്കിൽ അഡ്മിൻ ഓഫീസ് സന്ദർശിച്ച് SRC കോഴ്സ് അപേക്ഷാഫോറം കൈപ്പറ്റുകയോ ചെയ്യുക.

- പൂരിപ്പിച്ച അപേക്ഷാഫാറം താഴെ പറയുന്ന രേഖകളുടെ പകർപ്പുകൾ ചേർത്ത് MACC അഡ്മിൻ ഓഫീസിൽ സമർപ്പിക്കണം
  - ബിരുദ സർട്ടിഫിക്കറ്റ്
  - തിരിച്ചറിയൽ രേഖ (ആധാർ അല്ലെങ്കിൽ മറ്റ് രേഖകൾ)
  - പാസ്പോർട്ട് സൈസ് ഫോട്ടോ
- പ്രവേശന ഫീസ് ₹200/-
  മോത്തം കോഴ്സ് ഫീസ് ₹15,000/-
  പ്രവേശന സമയത്ത് ആദ്യ സെമസ്റ്റർ ഫീസും പ്രവേശന ഫീസും ചേർത്ത് ₹7,700/- അടയ്ക്കണം.
  രണ്ടാം സെമസ്റ്റർ ഫീസ് ₹7,500/- ആ സെമസ്റ്റർ ആരംഭിക്കുന്നതിന് മുൻപ് അടയ്ക്കാവുന്നതാണ്
- MACC പ്രവേശന നടപടികൾ പൂർത്തിയാക്കി SRC തിരിച്ചറിയൽ കാർഡ് ലഭ്യമാക്കും.
- പ്രവേശന നടപടികൾ പൂർത്തിയായ ശേഷം കോൺടാക്റ്റ് ക്ലാസ്സുകളുടെ ഷെഡ്യൂൾ നൽകുന്നതാണ്.

For More Information:
Mar Athanasios Community College
Bethel Junction, Chengannur - 689 121
Mob: 9447321689, 9447952267
Office: 7736572331, 0479 2451331
E-mail: marathanasioscc@gmail.com

MAR ATHANASIOS COMMUNITY COLLEGE
DIOCESE OF CHENGANNUR
MALANKARA ORTHODOX CHURCH
Guiding Minds, Healing Hearts, Building Lives

മാർ അത്തനാസിയോസ് കമ്മ്യൂണിറ്റി കോളേജ് (MACC)

ബഥേൽ ജംഗ്ഷൻ, ചെങ്ങന്നൂർ
ആലപ്പുഴ ജില്ല, കേരളം



അവതരിപ്പിക്കുന്നു

ഡിപ്ലോമ ഇൻ അപ്ലൈഡ് കൗൺസലിംഗ്

DAC

അംഗീകൃത
സ്റ്റേറ്റ് റിസോർസ് സെന്റർ, കേരള

ഏത് വിഷയത്തിലും ബിരുദം നേടിയവർക്കുള്ള ഒരു പി.ജി. നിലവാരത്തിലുള്ള കോഴ്സ്, അധ്യാപകർ, സാമൂഹ്യ പ്രവർത്തകർ, **H.R.** വിഭാഗം, വകുപ്പ് മേധാവികൾ, കൗൺസലിംഗ് കല പഠിക്കുവാനും പ്രായോഗികമായി അവലംബിക്കുവാനും താൽപര്യമുള്ള എല്ലാവർക്കും അനുയോജ്യം



About SRC

സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരള

കേന്ദ്ര ഗവൺമെന്റിന്റെ മാനവവിഭവ വികസന മന്ത്രാലയത്തിന് കീഴിലും കേരള സർക്കാരിന്റെ ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് മുഖേനയും നടത്തപ്പെടുന്ന ഒരു സ്ഥാപനമാണ്.

1978-ൽ സ്ഥാപിതമായ SRC യുടെ ലക്ഷ്യം വയോജന തുടർ വിദ്യാഭ്യാസ പദ്ധതികളിൽ സംസ്ഥാനത്തെ വിവിധ ഏജൻസികൾക്ക് അക്കാദമികവും സാങ്കേതികവുമായ പിന്തുണ നൽകുകയാണ്. SRC കമ്മ്യൂണിറ്റി കോളേജ് ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (IGNOU) യുമായി അഫിലിയേറ്റഡ് ആണ്.

About MACC

മാർ അത്തനാസിയോസ് കമ്മ്യൂണിറ്റി കോളേജ് മലങ്കര ഓർത്തഡോക്സ് സഭയുടെ ചെങ്ങന്നൂർ ഭദ്രാസനത്തിന് കീഴിലുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനമാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ ദർശനത്തിന്റെ ഭാഗമായി സ്ഥാപിതമായ ഈ കോളേജ് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ നേതൃത്വത്തിലും വിദ്യാഭ്യാസ വിദഗ്ധരുടെ ഉപദേശത്തിലും പ്രവർത്തിക്കുന്നു. എല്ലാ പ്രായത്തിലുള്ളവർക്കും സമതുലിതവും അർത്ഥവത്തുമായ ജീവിതം നയിക്കുവാൻ സഹായിക്കുന്ന, പ്രായോഗികത അടിസ്ഥാനമാക്കിയ വിദ്യാഭ്യാസ പരിപാടികളിലൂടെ MACC യുടെ ദൗത്യം, വ്യക്തിഗത കൗൺസലിംഗ്, യുവജന നേതൃത്വ വികസന കോഴ്സുകൾ, മറ്റു വിദ്യാഭ്യാസ സംരംഭങ്ങൾ എന്നിവയിലൂടെ ആരോഗ്യകരമായ വളർച്ചയ്ക്ക് സഹായിക്കുക എന്നതാണ്..



About DAC

ഡിപ്ലോമ ഇൻ അപ്ലൈഡ് കൗൺസലിംഗ് (DAC) സർക്കാർ അംഗീകൃത സർട്ടിഫിക്കേഷനോടു കൂടിയ പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകുന്ന ഒരു പ്രൊഫഷണൽ കോഴ്സാണ്.

ആർക്കാണ് ഈ കോഴ്സ് അനുയോജ്യം? എല്ലാ തലങ്ങളിലുമുള്ള അധ്യാപകർ, സാമൂഹ്യ പ്രവർത്തകർ, സംഘടനകളുടെ ഓഫീസ് ഭാരവാഹികൾ, മാനവശേഷി വികസന പ്രവർത്തകർ, വർക്ക് ഫോഴ്സിനെ നയിക്കുന്ന സ്ഥാനങ്ങളിലുള്ളവർ, കൗൺസലിംഗിന്റെ കലയും ശാസ്ത്രവും പഠിക്കുകയും പ്രായോഗികമായി ഉപയോഗിക്കുകയും ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ഇങ്ങനെ ഏവർക്കും ഈ കോഴ്സ് അനുയോജ്യമാണ്.

യോഗ്യത (Eligibility) ഏത് വിഷയത്തിലും ബിരുദം നേടിയ ഇംഗ്ലീഷ് വായിക്കുകയും മനസ്സിലാക്കുകയും ചെയ്യാനുള്ള അടിസ്ഥാന അറിവ് ഉള്ളവർക്ക്.

കാലാവധി (Duration) DAC ഒരു വർഷം ദൈർഘ്യമുള്ള രണ്ട് സെമസ്റ്ററുകളുള്ള കോഴ്സാണ്. ഇംഗ്ലീഷ് ഭാഷയിലുള്ള ടെക്സ്റ്റ് ബുക്കുകൾ SRC നൽകുന്നതാണ്. MACC യിൽ ഇംഗ്ലീഷ് / മലയാളം ഭാഷകളിൽ കോൺടാക്റ്റ് ക്ലാസ്സുകൾ നടത്തപ്പെടും. പ്രവേശന നടപടികൾ പൂർത്തിയായ ശേഷം ആഴ്ചയിൽ 3-4 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സുകളുടെ സമയവിവരപ്പട്ടിക നൽകുന്നതാണ്.

പഠന വിഷയങ്ങൾ (Topics of Study) ആകെ 6 മോഡ്യൂളുകൾ ഉൾക്കൊള്ളുന്നു.

1 സൈക്കോളജിയും സൈക്കോപത്തോളജിയും
2 മനുഷ്യന്റെ വിവിധ വളർച്ചാ ഘട്ടങ്ങൾ
3 അപ്ലൈഡ് കൗൺസലിംഗ്
4 വ്യക്തിത്വ സിദ്ധാന്തങ്ങൾ
5 സൈക്കോ തെറാപ്പികൾ
6 കുടുംബ ചികിത്സയും വയോജന കൗൺസലിംഗും

മോഡ്യൂൾ 1 മുതൽ 3 വരെ ഒന്നാം സെമസ്റ്ററിലും, ശേഷിക്കുന്നവ രണ്ടാം സെമസ്റ്ററിലും പഠിപ്പിക്കുന്നതാണ്.

മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ (Assessment Criteria)

പങ്കെടുക്കുന്നവരുടെ പ്രകടനം വിലയിരുത്തുന്നത്:

1. ഓരോ മോഡ്യൂളിന്റെയും അവസാനം സെമസ്റ്റർ പരീക്ഷ
2. ഒന്നാം സെമസ്റ്ററിൽ 5 പ്രായോഗിക കൗൺസിലിംഗ് സെഷനുകളുടെ Verbatims
3. രണ്ടാം സെമസ്റ്ററിൽ 10 പ്രായോഗിക കൗൺസിലിംഗ് സെഷനുകളുടെ Verbatims
4. ഓരോ മോഡ്യൂളിനും 2 Assignments
5. കോഴ്സ് അവസാനത്തിൽ വൈവാ വോസിയും ഓരോ മോഡ്യൂളിനും എഴുത്തു പരീക്ഷയും